## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 396 — 09.02.2016 ൽ മറുപടിക്ക്

### കെ.എസ്. ഇ.ബി. ഓഫീസുകളിൽ ഉപഭോക്താക്കൾക്ക് പണം അടയ്ക്കുന്നതിനുള്ള സമയക്രമം

ചോദ്യം — ഉത്തരം

ശ്രീ.എ.കെ.ശശീന്ദ്രൻ

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി.ക്ക് ഉപഭോക്താവിൽ നിന്നും പണം സ്വീകരിക്കുന്ന എത്ര ഓഫീസുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ, സബ് എഞ്ചിനീയർ / ഓവർസിയർ ഓഫീസുകൾ, കളക്ഷൻ സെന്ററുകൾ എന്നിവയുൾപ്പെടെ 890 ഓഫീസുകളിൽ ഉപഭോക്താക്കളിൽ നിന്നും പണം സ്വീകരിക്കുന്നുണ്ട്. ഫ്രണ്ട്സ് അക്ഷയ എന്നീ കേന്ദ്രങ്ങളിലും തിരുവനന്തപുരത്ത് വൈദ്യുതിഭവൻ കേന്ദ്രീകൃതമായുള്ള Centralized Customer Care Centre ലും ഉപഭോക്താക്കളുടെ പണം സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമേ തിരുവനന്തപുരത്ത് വൈദ്യുതി ഭവനിൽ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ചിട്ടുള്ള Cash Deposit Machine മുഖേനയും, Net Banking സംവിധാനം ഉപയോഗിച്ചും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡുമായി പണമിടപാടുകൾ നടത്താവുന്നതാണ്. |
| (ബി) ഈ ഓഫീസുകളിൽ ഉപഭോക്താക്കൾക്ക് പണം അടയ്ക്കാൻ സാധിക്കുന്ന സമയക്രമം വിശദീകരിക്കാമോ; | (ബി) സെക്ഷൻ ഓഫീസുകളിൽ രാവിലെ 8 മണി മുതൽ 6 മണിവരെയാണ് സാധാരണയായി പണം സ്വീകരിക്കുന്നത്. എന്നാൽ ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിൽ ഉപഭോക്താക്കളെ അറിയിച്ചുകൊണ്ട് സമയക്രമത്തിൽ മാറ്റം വരുത്താറുണ്ട്. സെക്ഷൻ ഓഫീസുകൾ ഒഴിച്ചുള്ള കളക്ഷൻ സെന്ററുകളിൽ സെക്ഷൻ ഓഫീസുകളിൽ നിന്നും മുൻകൂട്ടി നിശ്ചയിച്ച് അറിയിപ്പ് നല്കിയിട്ടുള്ള ദിവസങ്ങളിൽ മുൻകൂട്ടി അറിയിച്ച സമയക്രമത്തിൽ പണം സ്വീകരിക്കുന്നുണ്ട്. |

ധനസ്ഥിതി ഉത്തരവാദിത്വ ബാദ്ധ്യത

| | |
|---|---|
| (സി) കെ.എസ്.ഇ.ബി.യിൽ ജോലി ചെയ്യുന്ന കാഷ്യർമാരുടെ പേരും എംപ്ലോയ്മെൻറ് കോഡും തസ്തികയും സെക്ഷനാഫീസ് തിരിച്ച് വ്യക്തമാക്കാമോ? | (സി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ